# ആവശ്യത്തിലിരിക്കുന്ന സഹവിശ്വാസികളോടുള്ള മനോഭാവം ശ്രദ്ധിക്കുക

**സാക് പുന്നൻ**

**WFTW 28 ഒക്ടോബർ 2012**

മത്തായി 25:31-46ൽ ആവശ്യത്തിലിരിക്കുന്ന സഹവിശ്വാസികളോടുള്ള നമ്മുടെ മനോഭാവം സംബന്ധിച്ച് യേശു സംസാരിക്കുന്നു. ആവശ്യം ആത്മീയമോ ഭൌതീകമോ ആകാം. ഇവിടെ ചിലർ തങ്ങളുടെ സഹവിശ്വാസികളെ ദൈവത്തിനെന്നവണ്ണം സേവിച്ചതിനാൽ സ്വർഗ്ഗരാജ്യം അവകാശമാക്കുന്നതായി നാം കാണുന്നു. ഇടതു കൈ ചെയ്യുന്നത് വലതുകൈ അറിയാതവണ്ണം രഹസ്യമായിരുന്നു അവരുടെ സേവനം (മത്തായി 6:3). അതുകൊണ്ട് തന്നെ ദൈവം അവരുടെ നന്മ പ്രവർത്തിയെ കുറിച്ച് ഓർമ്മിപ്പിക്കുമ്പോൾ അവർ അത് ഓർക്കുകപോലും ചെയ്യുന്നില്ല (മത്തായി 25:38).

തന്റെ ഒരു എളിയ സഹോദരന് വേണ്ടി ചെയ്ത കാര്യം, തനിക്കുവേണ്ടി ചെയ്തതായി കണക്കാക്കും എന്നൊരു കാര്യം കൂടി യേശു ഇവിടെ പഠിപ്പിക്കുന്നു (മത്തായി 25:40). അവിടുന്ന് എളിയ സഹോദരൻ എന്ന് ഇവിടെ പറയുന്നത് ശ്രദ്ധേയമാണ്. സ്വാഭാവികമായി പ്രമുഖരായ വിശ്വാസികളെ ശുശ്രൂഷിക്കാനാണ് നമ്മുടെ താൽപര്യം. ദരിദ്രരായവരെ അവഗണിക്കുകയും തുഛീകരിക്കുകയും ചെയ്യുന്നു. തിന്നുക, കുടിക്കുക, വാങ്ങുക, കൊടുക്കുക, കെട്ടുക, നടുക എന്നീ പ്രവർത്തനങ്ങൾ തങ്ങൾക്കായി ചെയ്തുകൊണ്ടിരിക്കുന്നവർ തീർച്ചയായും യേശുവിന്റെ വരവിങ്കൽ ഉപേക്ഷിക്കപ്പെടും (ലൂക്കോ 17:28,34).

ദൈവത്തെ സേവിക്കുന്നതോടൊപ്പം സഹ വിശ്വാസികളോടും സ്നേഹത്തോടുകൂടി പരിഗണനയുള്ളവർ മാത്രമേ എടുക്കപ്പെടുകയുള്ളൂ. മറ്റൊരു വേദ ഭാഗത്തിൽ യേശു വേറൊരു കൂട്ടം ആളുകളോട് സംസാരിക്കുന്നു. അവർ മുകളിൽ പറഞ്ഞവരിൽനിന്നും തികച്ചും വ്യത്യസ്തരാണ്. അവർ ദൈവനാമത്തിൽ ചെയ്ത എല്ലാ നന്മ പ്രവർത്തികളും ഓർത്തിരിക്കുന്നവരാണ്. അവരും ന്യായവിധിക്കുമുമ്പിൽ വരുന്നുണ്ട്. അവർ യേശുവിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കിയതും, രോഗികളെ സൌഖ്യമാക്കിയതും, പ്രസംഗിച്ചതുമെല്ലാം ദൈവത്തെ ഓർമ്മിപ്പിക്കുന്നു. അവർ ഇതെല്ലാം ചെയ്തെങ്കിലും ദൈവം അവരെയും തള്ളിക്കളയുന്നു. കാരണം എല്ലാത്തിനും മീതെ ഒന്നാമതായി വേണ്ടിയിരുന്ന കാര്യം - രഹസ്യജീവിതത്തിലെ വിശുദ്ധി - അവർക്കില്ലായിരുന്നു. അവർ തങ്ങൾക്കുണ്ടായിരുന്ന വരങ്ങളിൽ വലിപ്പം കണ്ടു.

ഇവിടെ കാണുന്ന ഈ വൈരുദ്ധ്യം ശ്രദ്ധിക്കുന്നത് നല്ലതാണ്. രോഗികളെ സൌഖ്യമാക്കിയവർ പുറത്താക്കപ്പെട്ടു (മത്തായി 7:22,23). എന്നാൽ രോഗികളെ സന്ദർശിക്കുക മാത്രം ചെയ്തവർ സ്വർഗ്ഗരാജ്യം അവകാശമാക്കി (മത്തായി 25:34,36). രോഗികളെ സൌഖ്യമാക്കുന്നതിനുള്ള താലന്തു നൽകിയിട്ടില്ലെങ്കിൽ ആരെയും സൌഖ്യമാക്കണമെന്നു ദൈവം നമ്മോടു ആവശ്യപ്പെടുന്നില്ല. എന്നാൽ രോഗികളെ സന്ദർശിക്കുകയും, ഉത്സാഹിപ്പിക്കുകയും അവരെ ദൈവനാമത്തിൽ അനുഗ്രഹിക്കുകയും ചെയ്യാൻ നമുക്ക് കഴിയും. അങ്ങനെയെങ്കില്, രോഗികളെ സൌഖ്യമാക്കിയ പലരും ഉപേക്ഷിക്കപ്പെടുമ്പോള്, ക്രിസ്തുവിന്റെ മടങ്ങി വരവിങ്കൽ അവിടുത്തോട് ചേരുവാൻ നാം തയ്യാറായിരിക്കും. ഇത്തരത്തിൽ മറ്റുള്ളവരെ സേവിക്കണമെങ്കിൽ അസൗകര്യങ്ങൾ സ്വീകരിക്കുവാൻ നാം തയ്യാറായിരിക്കണം.

തങ്ങളുടെ ദൈനംദിന പരിപാടികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന തരത്തില്, ആവശ്യക്കാരായ ആളുകളുടെ ഇടപെടലുകൾ ഇഷ്ടപ്പെടാത്തവർ തീർച്ചയായും യേശുവിന്റെ വരവിങ്കൽ പുറകിൽ തള്ളപ്പെടും. നമ്മുടെ സമയം, പണം, അതിനെല്ലാമുപരി നമ്മുടെ സ്വന്തം പദ്ധതികളും, ആഗ്രഹങ്ങളും യാഗപീഠത്തിൽ വച്ചാൽ മാത്രമേ ദൈവനാമത്തിൽ മറ്റുള്ളവരെ സേവിക്കുവാൻ നമുക്ക് കഴിയുകയുള്ളൂ. സ്വാർത്ഥത നമ്മുടെ ജഡത്തിൽ ആഴത്തിൽ വേരൂന്നിയ ഒന്നാണ്. കണ്മോഹം, കോപം, ദുർമോഹം എന്നിങ്ങനെയുള്ള പാപങ്ങളിൽ നിന്നെല്ലാം ശുദ്ധി പ്രാപിച്ചാലും കേവലം നമുക്കുവേണ്ടി മാത്രം ജീവിക്കുവാനും കഴിയും. പരീശന്മാരിൽ കണ്ട വിശുദ്ധി പോലെയുള്ള വിശുദ്ധിയുണ്ടാകാം, എന്നാൽ അത് നമ്മെ കുറിച്ച് മാത്രം ചിന്തിച്ചുള്ളതും, സ്വയത്തിൽ കേന്ദ്രീകരിച്ച ഒരു ജീവിതത്തിൽ നിന്നും നമ്മെ രക്ഷിക്കാത്തതുമാണ്. യഥാർത്ഥ വിശുദ്ധിയുടെ വ്യാജനാണിത്. ഇതിനാൽ ചതിക്കപ്പെടാൻ എളുപ്പമാണ്.

യേശു ഇങ്ങനെ പ്രാർഥിക്കുവാൻ നമ്മെ പഠിപ്പിച്ചു, "...ഞങ്ങൾക്ക് നൽകേണമേ.....ഞങ്ങളോട് ക്ഷമിക്കേണമേ.....ഞങ്ങളെ രക്ഷിച്ചുകൊള്ളേണമേ.."(മത്തായി 6:11-13). പാപത്തിൽ കഴിയുന്ന മറ്റുള്ളവരെ കുറിച്ച് ഒരു ഭാരം നൽകാത്ത ഒരു വിശുദ്ധീകരണമാണ് നമുക്കുള്ളതെങ്കിൽ അത് ചവറ്റുകൊട്ടയിൽ കളയാൻ മാത്രമുള്ളതാണ്. നാം നമ്മുടെ ചിന്താഗതിയെ തന്നെ പുതുക്കേണ്ടതുണ്ട്. (മനസ്സു പുതുക്കുക - റോമർ 12:2). അതുവഴി നമുക്ക് മറ്റുള്ളവരെ അവർ കടന്നു പോകുന്ന സാഹചര്യങ്ങൾ അറിഞ്ഞു മനസ്സിലാക്കുവാൻ സാധിക്കുന്നു. വരുവാനുള്ള രാജ്യം അവകാശമാക്കുവാൻ നമ്മെ ഒരുക്കുന്ന ക്രിസ്തുവിന്റെ ചിന്തയാണിത്. എത്ര വിശുദ്ധനാണെങ്കിലും തന്റെയും തന്റെ കുടുംബത്തിന്റെയും ആവശ്യം മാത്രം അന്വേഷിക്കുന്ന ഒരുവൻ കർത്താവിന്റെ വരവിനായി തയ്യാറായിട്ടിരിക്കുകയാണെന്നു കരുതിയാൽ അവൻ സ്വയം ചതിക്കുക മാത്രമായിരിക്കും ചെയ്യുന്നത്.

(മൊഴിമാറ്റം: സാജു ജോസഫ്, ആലപ്പുഴ)